ഉത്തരം

(എ) വൈദ്യുതി ഉപഭോക്താക്കളിൽനിന്നും മൂന്ന് മാസത്തെ വൈദ്യുതി ചാർജ്ജ് ഡിപ്പോസിറ്റ് തുകയായി പിരിച്ചെടുക്കുന്നുണ്ട്.

(ബി) കണ്ടിഷൻസ് ഓഫ് സപ്ലൈ ഓഫ് ഇല്ക്ട്രിക്കൽ എനർജി സെക്ഷൻ 14 നിർദ്ദേശിക്കുന്ന പ്രകാരമാണ് സേക്യൂരിറ്റി ഡിപ്പോസിറ്റ് തുക പിരിക്കുന്നത്.

കണ്ണൂർ ജില്ലയിൽ കെ. എസ്. ഇ. ബി. മസ്ദൂർ തസ്തികയിലേക്ക് നിയമനം

150 [3552] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കെ. എസ്. ഇ. ബി. മസ്ദൂർ തസ്തികയിലേക്ക് നിയമിക്കുന്നതിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഇത് എന്നാണ് പ്രസിദ്ധീകരിച്ചത്; എത്ര പേരുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകി;

(സി) മസ്ദൂർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര;

(ഡി) ഈ ഒഴിവുകൾ ഇപ്പോഴത്തെ ലിസ്റ്റിൽ നിന്നും നികത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ലിസ്റ്റ് 1-6-2002-ൽ നിലവിൽ വന്നു. മെയിൻ ലിസ്റ്റിൽ 542 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 292 പേരും ഉണ്ട്.

(ബി) 319 പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്.

(സി & ഡി) നിലവിൽ ഒഴിവുകളില്ല.

ആലപ്പുഴ ജില്ലയിലെ കെ. എസ്. ഇ. ബി. യിൽ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

151 [3554] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ കെ. എസ്. ഇ. ബി.-യിൽ മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മസ്ദൂർ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ നിലവിൽ പതിനൊന്ന് ഒഴിവുകൾ ഉണ്ട്.

(ബി & സി) ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ മസ്ദൂർമാരുടെ ഒഴിവുകൾ

152 [3555] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി.-യിൽ ആകെ എത്ര മസ്ദൂർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചു വെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകളിൽ അടിയന്തിരമായി നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല.

(ബി) 146 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുകളില്ല.

കാസർഗോഡ്-കണ്ണൂർ ജില്ലകളിൽ കെ. എസ്. ഇ. ബി. ലൈൻമാൻ ഗ്രേഡ്-2 ഒഴിവുകൾ

153 [3557] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-കണ്ണൂർ ജില്ലകളിൽ കെ. എസ്. ഇ. ബി.-യിൽ ലൈൻമാൻ ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് വർക്കർമാർക്ക് പ്രൊമോഷൻ നൽകി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly